അടിസ്ഥാനത്തിലും അംഗീകാരം സംബന്ധിച്ച് സ്ഥാപനങ്ങൾ ഹാജരാക്കിയ രേഖകളുടെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളിൽ നിലവിലുള്ള പരിശീലന സൗകര്യങ്ങളും കണക്കിലെടുത്താണ് സ്ഥാപനങ്ങളെ തെരഞ്ഞെടുത്തത്.

പട്ടികവർഗ്ഗ വികസന വകുപ്പ് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ/സർക്കാർ അംഗീകാരം ലഭിച്ച സ്ഥാപനങ്ങൾ എന്നിവയെയാണ് പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് കമ്പ്യൂട്ടർ പരിശീലനം നടത്തുന്നതിനായി തെരഞ്ഞെടുത്തത്.

(ബി) പട്ടികജാതി വികസനവകുപ്പ് കേന്ദ്രസർക്കാരിന്റെ മിനിസ്ട്രി ഓഫ് ഇൻഫർമേഷൻ ടെക്നോളജി എന്ന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മുഖേനയാണ് പരിശീലനം നൽകി വരുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് കേന്ദ്ര-സംസ്ഥാന സർക്കാരിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങളെയാണ് തെരഞ്ഞെടുത്തത്. അംഗീകാരത്തിന്റെ സർട്ടിഫിക്കറ്റിന്റെ പകർപ്പ് വാങ്ങിയിരുന്നില്ല.

പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പരിശീലനം

86 (1774) ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക - പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികൾക്ക് ഏതെല്ലാം കോഴ്സുകളിലാണ് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതെന്ന് വിശദമാക്കുമോ ;

(ബി) കോഴ്സിന്റെ കാലാവധിയേയും പരിശീലനം നൽകിയ സ്ഥാപനങ്ങൾക്ക് ഓരോ കോഴ്സിനുമായി നൽകിയ തുകയേയും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ;.

(സി) ഒരു വിദ്യാർത്ഥിക്ക് ഫീസിനത്തിൽ എത്രരൂപവീതം പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട് ; വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) വിശദവിവരം ശേഖരിച്ചു വരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളുടെ താമസസൗകര്യം

87 (1775) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്താകെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ താമസത്തിനായി സർക്കാർ നടത്തുന്ന ഹോസ്റ്റലുകൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വിവരം ലഭ്യമാക്കുമോ ;

(ബി) ഓരോ ജില്ലയിലും ഉള്ള ഹോസ്റ്റലുകളിൽ ഓരോന്നിലും താമസിക്കുന്ന വിദ്യാർത്ഥികൾ ഏതൊക്കെ വിഭാഗത്തിലും ഏതൊക്കെ ക്ലാസ്സുകളിലും ആണെന്നും ഓരോ ഹോസ്റ്റലിലെയും കുട്ടികളുടെ എണ്ണം എത്രയാണെന്നും വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly